LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

282 (3569) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ DB2&DA സെക്ഷനുകളിൽ സമർപ്പിച്ചിട്ടുള്ളവയുടെ ഫയൽ നമ്പരുകൾ ലഭ്യമാക്കുമോ ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗത്തിനു ഭരണാനുമതി ലഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച നിർദ്ദേശത്തിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ; ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനം 1 മുതൽ 10 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 26-3-2014-ലെ ഡിബി2/10235/13/സിഇ/തസ്വഭവ, 23-10-2014-ലെ ഡിബി2/3826/14/സിഇ/തസ്വഭവ എന്നീ നമ്പരുകൾ പ്രകാരം തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിലും 11 മുതൽ 17 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 23-10-2014-ലെ ഡിബി2/3826/14/സിഇ/ത.സ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിലും സമർപ്പിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇനം 1 മുതൽ 8 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനം 9 മുതൽ 17 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഫണ്ട് റിക്വസ്റ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ നിന്നും നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും

283 (3570) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ മാലിന്യ നിക്ഷേപകേന്ദ്രങ്ങളായി മാറിയിട്ടുള്ള പ്രസ്തുത ശുദ്ധജല സ്രോതസ്സുകളെ ശുചിയാക്കി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ എത്ര പൊതുകിണറുകളും കുളങ്ങളും ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly